(എഫ്) പ്രസ്തുത കോടതി നിർദ്ദേശത്തെ തുടർന്ന് സർക്കാരിന്റെ പി & എ.ആർ.ഡി വകുപ്പിൽനിന്നും ഇക്കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശം വനം വകുപ്പിന് ലഭിച്ചിട്ടുണ്ടോ ;

(ജി) എങ്കിൽ പ്രസ്തുത നിർദ്ദേശത്തെ തുടർന്ന് എത്ര താൽക്കാലിക ഡ്രൈവർമാരെ പിരിച്ചയച്ചുവെന്നും എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(എച്ച്) ഇനിയും താൽക്കാലിക ഡ്രൈവർമാർ തുടരുന്നുണ്ടെങ്കിൽ അവരെ പിരിച്ചുവിടാതിരിക്കാനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ ;

(ഐ) കോടതി നിർദ്ദേശവും അതിനെ തുടർന്നുള്ള സർക്കാർ നിർദ്ദേശവും പാലിക്കാത്ത ഉദ്യോഗസ്ഥൻമാരുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 63 വാഹനങ്ങൾ

(ബി&സി) പ്രസ്തുത വാഹനങ്ങൾക്കായി 33 ഡ്രൈവർ തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. അനുവദിക്കപ്പെട്ട തസ്തികയിൽ ജോലി ചെയ്യുന്ന സ്ഥിരം ഡ്രൈവർമാരുടെ എണ്ണം 27-ഉം താൽക്കാലിക ഡ്രൈവർമാരുടെ എണ്ണം 6-ഉം ആണ്.

(ഡി) ഒഴിവുള്ള 6 തസ്തകകളിലേക്ക് നിയമനം നടത്തുന്നതിന് പി.എസ്.സി.ക്ക് എഴിതിയിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റ് കിട്ടാനുള്ള താമസംമൂലമാണ് താൽക്കാലിക ഡ്രൈവർമാരെ നിയമിച്ചത്.

(ഇ) ഉണ്ടായിട്ടുണ്ട്.

(എഫ്) ലഭിച്ചിട്ടുണ്ട്.

(ജി) ദിവസവേതന അടിസ്ഥാനത്തിൽ ഡ്രൈവറായി ജോലി ചെയ്യുന്ന ശ്രീ. ശേഷയ്യനും മുതൽ പേരും ഫയൽ ചെയ്ത ഒ.പി.നം.23258/99-ൽ ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ ടിയാൻമാരെ പിരിച്ചുവിടുന്നത് തടഞ്ഞുകൊണ്ട് കോടതി ഉത്തരവ് നിലവിലുണ്ട്. അതിനാൽ ടിയാൻമാരെ പിരിച്ചുവിട്ടിട്ടില്ല. നിലവിലുള്ള 6 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എച്ച്) പിരിച്ചുവിടുന്നതിനെതിരെ കോടതി ഉത്തരവ് നിലനിൽക്കുന്നതിനാൽ ഇവരെ പിരിച്ചുവിട്ടിട്ടില്ല.

(ഐ) കോടതി നിർദ്ദേശവും സർക്കാർ നിർദ്ദേശവും എല്ലാ ഉദ്യോഗസ്ഥൻമാരും പാലിക്കുന്നുണ്ട്.

വനംവകുപ്പിലെ ഫോറസ്റ്റ് ഗാർഡ്, ഫോറസ്റ്റർ തസ്തികകൾ

77 (1132) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിലെ ഫോറസ്റ്റ് ഗാർഡ്, ഫോറസ്റ്റർ തസ്തികകളിൽ റാങ്ക് പ്രൊമോഷൻ നിർത്തലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് വനംവകുപ്പിൽ പ്രൊമോഷൻ ലഭിക്കുന്നതിന് കൂടുതൽ ആനുകൂല്യം നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഫോറസ്റ്റർ, ഫോറസ്റ്റ് ഗാർഡുകളിൽ ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് നിശ്ചിതശതമാനം പ്രൊമോഷൻ ക്വാട്ട അനുവദിക്കുമോ ;

(ഇ) ഇത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി & ഇ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

മുണ്ടോമൂഴി -മണ്ണിറ ഫോറസ്റ്റ് റോഡ്

78 (1133) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട മുണ്ടോമൂഴി മണ്ണിറ ഫോറസ്റ്റ് റോഡ് കാൽനടയായിപ്പോലും യാത്ര ചെയ്യാൻ സാധിക്കാത്ത വിധത്തിൽ കേടായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ ;

(സി) ഈ റോഡ് റീ-ടാറിംഗ് നടത്തി വാഹനസഞ്ചാര യോഗ്യമാക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് പണി ഏറ്റെടുത്ത് നടത്താൻ കഴിയാത്തത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പണി ഏറ്റെടുത്തു നടത്തുന്നതാണ്.

മൃഗശാലകൾ വനം-വന്യജീവി വകുപ്പിന്റെ കീഴിൽ കൊണ്ടുവരുവാൻ നടപടി

79(1134) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ മൃഗശാലകൾ വനം-വന്യജീവി വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly